പതിമൂന്നാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 267

19/02/2016-ൽ മറുപടിയ്ക്ക്

## വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രം

**ചോദ്യം**

ശ്രീ. ലൂഡി ലൂയിസ്
,, ബെന്നി ബെഹനാൻ
,, എം.എ. വാഹീദ്
,, ജോസഫ് വാഴയ്ക്കൻ

**ഉത്തരം**

ശ്രീ. പി.കെ. അബ്ദു റബ്ബ്
(വിദ്യാഭ്യാസ വകുപ്പുമന്ത്രി)

(എ) വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കാൻ കർമ്മ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

(എ) ഉണ്ട്.

(ബി) യും (സി) യും. വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിന് ഭൗതികാന്തരീക്ഷം ആകർഷകവും, ശിശുസൗഹൃദവുമാക്കുക, എല്ലാ സ്കൂളുകളിലും ശൗചാലയങ്ങൾ ഉറപ്പാക്കുക, എല്ലാ കുട്ടികളും ഓരോ ക്ലാസവസാനത്തിൽ നിർദ്ദിഷ്ഠ പഠനനേട്ടം കൈവരിച്ചു എന്നുറപ്പാക്കുക, കുട്ടികളിൽ ശുചിത്വ ശീലം ഉണ്ടാക്കുകയും, പരിസരം ശുചിയാക്കുകയും ചെയ്യുക, ഉൾക്കൊള്ളൽ വിദ്യാഭ്യാസത്തിലൂടെ പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളെ മുഖ്യധാരയിലേക്ക് എത്തിയ്ക്കുക, പെൺകുട്ടികൾ, എസ്.സി./എസ്.ടി കുട്ടികൾ, ഗിഫ്റ്റഡ് ചിൽഡ്രൻ എന്നിവരുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കുക,

ഗുണമേന്മയുള്ള അദ്ധ്യാപക സമൂഹത്തെ സൃഷ്ടിക്കുക, വിദ്യാഭ്യാസ അവകാശ നിയമം പ്രാവർത്തികമാക്കുക എന്നീ ഉദ്ദേശ്യങ്ങളാണ് വിവിധ പദ്ധതി വഴി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്. എസ്.എസ്.എ. മുഖാന്തിരമാണ് ടി പദ്ധതികൾ നടപ്പിലാക്കുന്നത്.

Sreedevi

സെക്ഷൻ ഓഫീസർ